കമ്പ്യൂട്ടർ സയൻസ്	–	1
ടൂറിസം	–	1
ആകെ	–	38

(സി) ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുതിയ ആർട്ട്സ് & സയൻസ് കോളേജുകളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

130 (7088)ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം ആരംഭിച്ച സർക്കാർ ആർട്ട്സ് & സയൻസ് കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്കും മറ്റ് ജീവനക്കാർക്കും ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർവ്വീസിൽനിന്നും വിരമിച്ചതിനുശേഷം സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്ക് എന്ത് മാനദണ്ഡപ്രകാരമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശമ്പളം, മാനദണ്ഡം ഇവ സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം

131 (7100) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊളിജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടിക്രമം എന്താണ് ;

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നേരിട്ട് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ; ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി ; കാലാവധി തീരുന്നതെപ്പോൾ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.വഴി നേരിട്ട് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം 21-3-1994-ലെ ജി.ഒ.(പി) 41/94/ഉ.വി.വ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രകാരം ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെ ഇൻസ്ട്രക്ടർമാർ/ഗവൺമെന്റ് പോളീടെക്നിക്കുകളിലെ ഇൻസ്ട്രക്ടർമാർ എന്നിവരിൽ നിന്നും യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യരായവർ ഇല്ലാത്ത സാഹചര്യത്തിൽ പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തുന്നു.

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ നെറ്റ്-ഹോൾഡേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത ഒ.എ നം.1993/13 റിട്ടി ന്യായ പ്രകാരം പരാതി പരിശോധിച്ച് 27-6-2014-ലെ ജി.ഒ. (ആർ.ടി)നമ്പർ 1392/2014/ഉ.വി.വ ഉത്തരവ് പ്രകാരം പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തണമെന്നുള്ള അപേക്ഷ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം പരിഗണിക്കേണ്ടതില്ലായെന്ന് ഉത്തരവായി.

(സി) നിലവിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ 13 ഒഴിവുകളുണ്ട്. ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി നാലുപേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇതിൽ 3 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒരാളുടെ നിയമന ഉത്തരവിൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഓരോ തസ്തികവീതം ഒ.എക്സിനും ധീവരയ്ക്കും സംവരണം ചെയ്ത് റാങ്ക് ലിസ്റ്റിൽ ആളില്ലാത്തതിനാൽ മാറ്റി വെച്ചിട്ടുള്ളതായി പി.എസ്.സി അറിയിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതെപ്പോൾ എന്നത് സംബന്ധിച്ച് പി.എസ്.സി-യിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

(ഡി) പതിമൂന്ന് ഒഴിവുകളിൽ ഏഴെണ്ണം നിയമന ശുപാർശയ്ക്കായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ആറ് ഒഴിവുകളിൽ സ്പെഷ്യൽ റൂൾസ് പ്രകാരം ട്രൈബ്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർമാരുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേക്ക് കത്തയച്ചിട്ടുണ്ട്. യോഗ്യരായ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർമാരില്ലായെന്ന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചാൽ പ്രസ്തുത തസ്തികയിൽ നേരിട്ട് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly